(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

പീരുമേട് താലൂക്കിലെ ജലവിതരണ പദ്ധതികൾ

67 [524] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ, വാട്ടർ അതോറിറ്റി എന്നിവയിൽ നിന്നും ഇതുമായി ബന്ധപ്പെട്ട ഇതര സ്ഥാപനങ്ങളിൽ നിന്നും എന്തെല്ലാം വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇവയിൽ പൂർത്തീകരിച്ചവ ഏതെല്ലാമെന്നും ഇനി പൂർത്തീകരിക്കാനുള്ളവ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ;

(സി) ഇനി പൂർത്തീകരിക്കാനുള്ളവ എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഓരോന്നിനും എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) പുതിയ ഏതെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി, സി, ഡി ആന്റ് ഇ) മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ, ഭൂജല വകുപ്പ് എന്നിവ പീരുമേട് താലൂക്കിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്. കേരള ജല അതോറിറ്റി നടപ്പിലാക്കിയവയുടെ വിശദ വിവരങ്ങൾ ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. †

വേമ്പനാട്ട് വൈറ്റ്ലാൻസിലെ ജല ആവശ്യകതയെപ്പറ്റിയുള്ള പഠനം

68 [525] ശ്രീ. പി. ടി. തോമസ്:

,, വർക്കല കഹാർ:

,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റ് വേമ്പനാട്ട് വൈറ്റ്ലാൻസിലെ ജല ആവശ്യകതയെപ്പറ്റി പഠിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച റിപ്പോർട്ടിലെ നിഗമനങ്ങൾ എന്തെല്ലാമാണ്;

(സി) വേമ്പനാട്ട് മേഖലയിൽ ഒഴുകിയെത്തുന്ന നദികളേതെല്ലാമാണ്; ഈ നദികളിൽ വെള്ളം എത്രകണ്ട് കൂടുമെന്നോ കുറയുമെന്നോ ആണ് ഈ സ്ഥാപനത്തിന്റെ കണ്ടെത്തൽ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കുട്ടനാട്ടിൽ വിവിധ നദികളിലൂടെ ഒഴുകിയെത്തുന്ന വെള്ളം എത്രയെന്നും ഇവയുടെ തീരപ്രദേശത്തിനുവേണ്ട വെള്ളം എത്രയെന്നും ഈ സ്ഥാപനം കണ്ടെത്തിയിട്ടുണ്ടോ ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) മൂവാറ്റുപുഴ, മീനച്ചിൽ, മണിമല, പമ്പ, അച്ചൻകോവിൽ എന്നീ അഞ്ച് നദികളും പെരിയാറിന്റെ തെക്ക് ഭാഗത്തുള്ള മാർത്താണ്ഡവർമ്മ ശാഖയും വേമ്പനാട്ട് കായലിലേയ്ക്ക് ഒഴുകിയെത്തുന്നു. 2051 ആകുമ്പോഴേയ്ക്കും മൂവാറ്റുപുഴ, മീനച്ചിൽ, മണിമല, പമ്പ, അച്ചൻകോവിൽ എന്നീ നദീതടങ്ങളിൽ യഥാക്രമം 1671; 203; 398; 3537; 459 ദശലക്ഷം ഘനമീറ്റർ വാർഷിക ജലദൗർലഭ്യം അനുഭവപ്പെടുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതുമൂലം കുടിവെള്ളക്ഷാമവും, വ്യവസായങ്ങൾക്ക് ജലക്ഷാമവും, ലവണജല അധിനിവേശവും, പരിസ്ഥിതി പ്രശ്നവും ഉണ്ടാകാനിടയുണ്ട്.

(ഡി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്. †

അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ട്

69 [526] ശ്രീ. കളത്തിൽ അബ്ദുള്ള:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി:
,, ടി. പി. എം. സാഹിർ:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി പണി മുടങ്ങിക്കിടക്കുന്ന എ. വി. ഐ. പി. (അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ടിന്റെ) പണി തുടങ്ങുന്ന കാര്യത്തിൽ സർക്കാർ എന്തു നടപടി സ്വീകരിച്ചു;

(ബി) എങ്കിൽ എന്നു മുതൽ പണി തുടങ്ങുമെന്ന് വെളിപ്പെടുത്തുമോ;

(സി) പണി തുടങ്ങണമെന്നാവശ്യപ്പെട്ട് ബഹുജന സമരങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ ആന്റ് ബി) അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ടിന്റെ പണി പുനരാരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ഉണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly